**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1787** **08-02-2023 - ൽ മറുപടിയ്ക്ക്**

**കാർമ്മൽ ജ്യോതി ചാരിറ്റബിൾ സൊസൈറ്റി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. രാജ | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ഇടുക്കി ജില്ലയിലെ അടിമാലിയിൽ മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കായുള്ള കാർമ്മൽ ജ്യോതി ചാരിറ്റബിൾ സൊസൈറ്റിയിൽ സ്പോർട്സ് പരിശീലന കേന്ദ്രം ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് ലഭിച്ച അപേക്ഷയിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (എ) | മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കായി ഇടുക്കി ജില്ലയിലെ അടിമാലിയിൽ പ്രവർത്തിക്കുന്ന കാർമ്മൽ ജ്യോതി ചാരിറ്റബിൾ സൊസൈറ്റി എന്ന നോൺ- ഗവൺമെന്റൽ-ഓർഗനൈസേഷന്റെ നേതൃത്വത്തിൽ അവരുടെ സ്ഥലത്ത് ഭിന്നശേഷി വിഭാഗത്തിലുള്ള കുട്ടികളുടെ പരിശീലനത്തിനായി സ്പോർട്സ് ട്രെയിനിംഗ് കേന്ദ്രം ആരംഭിയ്ക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ച് പ്രസ്തുത ഓർഗനൈസേഷൻ സെക്രട്ടറി 2019-ൽ സർക്കാരിലും, സാമൂഹ്യനീതി വകുപ്പ് ഡയറക്ടറേറ്റിലും അപേക്ഷ സമർപ്പിച്ചിരുന്നു. ഇത്തരം പദ്ധതികൾ സാമൂഹ്യനീതി വകുപ്പിന്റെ അതിജീവനം പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് സർക്കാർ അനുമതി നൽകി വരുന്നത്. PwD/RpwD രജിസ്ട്രേഷൻ ലഭ്യമായി കുറഞ്ഞത് മൂന്ന് വർഷത്തിനു ശേഷം മാത്രമാണ് സ്ഥാപനങ്ങളെ അതിജീവനം പദ്ധതിയിൽ ഉൾപ്പെടുത്തി വരുന്നത്. ഈ സാഹചര്യത്തിൽ നിലവിൽ പ്രസ്തുത സ്ഥാപനം പ്രവർത്തിച്ച് വരുന്നുണ്ടോയെന്ന് പരിശോധിച്ച് വിശദമായ റിപ്പോർട്ട് സഹിതം ശിപാർശ ലഭ്യമാക്കുന്നതിനായി സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ ഇടുക്കി ജില്ലാ സാമൂഹ്യനീതി ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയതിൻ പ്രകാരം സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് മാനദണ്ഡങ്ങൾക്കനുസൃതമായി പ്രസ്തുത സ്ഥാപനത്തെ അതിജീവനം പദ്ധതിയിൽ ഉൾപ്പെടുത്തുന്ന വിഷയം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ